A1/92/2026-CLAD
**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഫോക്ക് ലോർ അക്കാദമിക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 2025-26 സാമ്പത്തിക വർഷം റെസ്യൂം ചെയ്ത തുക നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.279/2026/CLAD തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:- 1. സ.ഉ (സാധാ) നമ്പർ.147/2026/സാം.ക.വ തീയ്യതി 28.02.2026

2. സ.ഉ (സാധാ) നമ്പർ.196/2026/സാം.ക.വ തീയ്യതി 04.03.2026

3. 01.04.2026 ലെ 17/2026/ധന നം സർക്കുലർ

4. കേരള ഫോക്ക് ലോർ അക്കാദമി സെക്രട്ടറിയുടെ 16.04.2026 തീയതിയിലെ 1034/2026/KFLA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ഫോക്ക് ലോർ അക്കാദമിക്ക് "2205-00-102-74-36 (പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്ന് പരാമർശം (1), (2) പ്രകാരം 1,60,25,000/- രൂപ (ഒരു കോടി അറുപത് ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷാവസാനം റെസ്യൂം ചെയ്ത തുകയായ 76,95,484/-രൂപ രൂപ തിരികെ അനുവദിക്കുന്നതിനായി സൂചന (4) പ്രകാരം അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫോക്ക് ലോർ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷം 2205-00-102-74-36 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും പരാമർശം ഉത്തരവുകൾ പ്രകാരം അനുവദിച്ച 1,60,25,000/-രൂപയിൽ (ഒരു കോടി അറുപത് ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ മാത്രം) നിന്നും 2025-26 സാമ്പത്തിക വർഷാവസാനം റെസ്യൂം ചെയ്ത തുകയായ 76,95,484/-രൂപ (എഴുപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തു നാന്നൂറ്റി എൺപത്തിനാല് ലക്ഷം രൂപ) പരാമർശം (3) സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷത്തെ 2205-00-102-74-36 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം

സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEE R PILLAI
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കേരള ഫോക്ക് ലോർ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba K P
Date: 21-04-2026 10:22:20
സെക്ഷൻ ഓഫീസർ